
നിറക്കൂട്ടുകൾ
little KITEs
2018-19
St. Antony's H.S.S.
Moorkanad

# മിഴി തുറക്കുമ്പോൾ

സാദരം

സന്ദേശം

തോരാതെ പെയ്യുമീ മഴ

കാർട്ടൂൺ

ഗണിത കൗതുകം

ചിത്രരചനകൾ

Save fuel for better environment

തോരാമഴ

സ്നേഹബന്ധങ്ങൾക്ക് വില നൽകാനാകില്ല...

ചങ്ങാത്തം

സുവർണ്ണ നിമിഷങ്ങൾ

ഗണിത ക്വിസ്

മഴത്തുള്ളികളുടെ സംഗീതം

വേർപാട്

ജലച്ഛായം

അറിവിന്റെ വെളിച്ചം

യാത്രാമൊഴി

നന്ദി

# സാദരം

**പ്രി**യരേ,

ഇവിടെ ഒരു കലാലയത്തിന്റെ ശബ്ദവും ജീവനും പ്രതിനിധികളും പിറവികൊള്ളുകയാണ് .ഓർത്തുവയ്ക്കാൻ കുറെ നല്ല നിമിഷങ്ങൾ പേറി ജീവിതം എന്ന വർണ്ണ കാഴ്ചകളിലൂടെ ഇനിയുമേറെ ദൂരം നാം നടക്കേണ്ടിയിരിക്കുന്നു.ഇനിയും നമുക്ക് പറഞ്ഞ് തീർക്കാൻ കഥകൾ ഏറെ, എങ്കിലും നമ്മുക്ക് തന്ന ദിവസങ്ങൾ നനഞ്ഞു തീരാറായി.എന്റെ കലാലയമേ, പിരിയില്ല ഞാനൊരു നാളിലും എന്റെ കലാലയ മേ, ഞാൻ തിരിച്ച വരുന്നുണ്ട്,ആ മടിയിൽ വീണ്ടും ഒന്ന് വീണ മയങ്ങാൻ. നിങ്ങൾ തന്ന ഓരോ തുള്ളിയും ചേർത്ത് ഒരു കൈ കുമ്പിൾ നിറയെ അമൃതാക്കി തിരികെ നൽകാൻ ഞങ്ങൾ ശ്രമിക്കുകയാണ്.



“വിദ്യാധനം സർവ്വധനാൽ പ്രധാനം” എന്നുള്ളതിൽ നിന്നും “ധനം വിദ്യ സമ്പാദിക്കാൻ പ്രധാനം”" എന്ന നിലയിലേയ്ക്ക് നമ്മുടെ സമൂഹം മാറ്റപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഇനിയും മരിച്ചിട്ടില്ലാത്ത പ്രതീക്ഷകൾ മുറുകെ പിടിച്ചുകൊണ്ട് വർണ്ണങ്ങളുടെ, ഓർമ്മകളുടെ, അനുഭവങ്ങളുടെ, അതിജീവനത്തിന്റെ ... ഈ സ്നേഹോപഹാരം "നിറക്കൂട്ട് “ സാദരം സമർപ്പിക്കുന്നു.

സ്നേഹത്തോടെ....

വിസ്മയ ടി.വി.

സ്റ്റുഡന്റ് എഡിറ്റർ..

എസ്സിക്യൂട്ടീവ് എഡിറ്റർ: ഷഹല കെ.എം

സബ് എഡിറ്റേഴ്സ്: അബ്ദുൾ ജലാൽ, ആൽബർട്ട് ആന്റോ , സിദ്ധാന്ത് എം.യു,

ടോം ജോഷി, ശ്രീരാഗ് എ ജെ

## സന്ദേശം

### പ്രധാന അധ്യാപിക




Smt.LEENA T JOHN
HEADMISTRESS (1986-2019)

സെന്റ് ആന്റണീസ് ഹൈസ്കൂൾ,മൂർക്കനാട്

**മ**നുഷ്യരുടെ പ്രിയ ഗുണം ശാന്തി. എന്നാൽ കലിയുഗ മനുഷ്യൻ അശാന്തനും ദു:ഖിതനുമാണ്. മനുഷ്യ മനസ്സിന് സുഖ- ശാന്തി നഷ്ടമാക്കിയത് അവനവനിൽ നിലകൊള്ളുന്ന കാമ -ക്രോധ - മോഹ-ലോഭ - അഹങ്കാരാദികൾ തന്നെ .ഈശ്വരന്റെ സത്യമായ ഓർമ്മയിലൂടെ ,തപസിലൂടെ മാത്രമേ ഈ ശാന്തി നേടാനാവൂ.ശാന്തി ആത്മാവായ എന്റെ സ്വഭാവമാണ്.ശാന്തിയെന്നത് ശബ്ദങ്ങളെ നിയന്ത്രിക്കുന്നതല്ല. മനസ്സിലെ നിർഗുണ സങ്കല്പങ്ങളുടെ മേൽ സമ്പൂർണ്ണ നിയന്ത്രണം നേടി.സഗുണ സങ്കല്പങ്ങളുടെ മേൽ സമ്പൂർണ്ണ നിയന്ത്രണം നേടി.സഗുണ സങ്കല്പ പ്രവാഹം സൃഷ്ടിക്കുമ്പോൾ മാത്രമേ മനസ്സ് ശാന്തിയും സന്തോഷവും കൈവരിക്കൂ. ശാന്തി ആത്മാവിന് സർവ്വ ശക്തിയും ഗുണങ്ങളും നേടിത്തരുന്നു. ശാന്തമായ മനസ്സ് എപ്പോഴും ഗുണങ്ങളുടെ ഖജനാവിന്റെ അധികാരിയായിരിക്കും. ശാന്തി മനസ്സിനെ സ്വസ്ഥമാക്കുമ്പോൾ ശരീരവും ആരോഗ്യം നിറഞ്ഞതായിത്തീരും. ശാന്തി മനുഷ്യനെ തെറ്റും ശരിയും തിരിച്ചറിയിക്കുന്നു.

ശാന്തി മന്ത്രമറിയൂ... സുഖം നേടൂ...

സ്നേഹപൂർവ്വം,
ലീന ടി ജോൺ



## തോരാതെ പെയ്യുമീ മഴ.....

പ്രകൃതി തൻ അനുഗ്രഹമീമഴ
ഇന്ന് ശാപമായ് തോരാത്തൊരീമഴ
പ്രളയക്കെടുതിയിർ മഴയെ പഴിക്കുമ്പോൾ
മാനവനോർക്കിന്നില്ലവന്റെ കർമ്മം


പ്രകൃതിയോടു നാം ചെയ്ത കൊടും-
ക്രൂരതതൻ ബാക്കിയാണീ മഴ
തോരാതെ പെയ്യുന്ന ദുരിതമഴ
ശാപമായ് തീർന്നൊരീ തോരാമഴ

കുത്തിയൊഴുകുന്ന മലവെള്ളം
വയലും കുളങ്ങളും തോടും നിറയുന്ന
കരകവിഞ്ഞൊഴുകുന്ന പുഴകളെല്ലാം
എന്നിട്ടും നിർത്താതെ പെയ്യുന്ന ദുരിതമഴ

ദുഃഖിതയായ പ്രകൃതിതൻ സങ്കടം
അടങ്ങാതെ കണ്ണീർ പൊഴിക്കുന്നതാകാം
നാമിന്നു കാണുന്ന ഈമഴ
തോരാതെ പെയ്യുമീ ദുരിതമഴ

**കവിത:**
**വിഷ്ണുദേവ് കെ എസ്**

# കാർട്ടൂൺ


ലഹരി ഉപയോഗം
ആരോഗ്യത്തിനും, ജീവിതത്തകർച്ചക്കും
കാരണമാകുന്നു.
മദ്യപാനം
ആരോഗ്യത്തിന് ഹാനികരം
മദ്യപിച്ച് വാഹനം
ഓടിക്കരുത്
IXA
Adhithya


ലഹരിയും
ജീവിതത്തകർച്ചയും
NO
No Smoking
ലഹരിയും
മദ്യപാനവും
നമുക്ക് നിർത്താം
നമ്മുടെ നാടിനെ സംരക്ഷിക്കാം
ജയ് ഹിന്ദ്......
Akhil Krishna. V. Kannan
IX :A Roll No-13

# ഗണിത കൗതുകം

**ചോദ്യങ്ങൾ**

1. 500 രൂപയുടെ ഒരു നോട്ട് മാറി ചില്ലറ നോട്ടുകളാക്കണം. 50 രൂപ, 20 രൂപ, 5 രൂപ നോട്ടുകളായി ആകെ 20 നോട്ടുകൾ വേണം. ഇതെങ്ങനെ സാധിക്കാം?

2. ഒരു ക്ലോക്ക് നിലത്തു വീണ് പൊട്ടിയപ്പോൾ അർദ്ധവൃത്താകൃതിയിൽ രണ്ടു കഷ്ണങ്ങളായി. ഓരോ ഭാഗത്ത് വരുന്ന സംഖ്യകൾ കൂട്ടി നോക്കിയപ്പോൾ തുല്യം.എന്നാൽ ക്ലോക്ക് പൊട്ടിയതെങ്ങനെ?

3. 9 തീപ്പെട്ടികൊള്ളി ഉണ്ട്. ഇത് 10 ആക്കണം. വേറെ തീപ്പെട്ടി കൊള്ളികൾ ചേർക്കാനോ, തന്നിരിക്കുന്നത് ഒടിക്കാനോ പാടില്ല . എങ്ങനെ?

4. ഒരു സമചതുരത്തിനെ നാല് നേർവരകൾ കൊണ്ട് 11 കഷ്ണങ്ങളായി ഭാഗിക്കുവാൻ കഴിയും. എങ്ങനെ ?

5.6 സിഗററ്റുകൾ കൊണ്ട് നാല് ത്രികോണങ്ങൾ ഉണ്ടാക്കണം. എങ്ങനെ?

6. [x - a] [x -b] [x - c]............. . [x - z] എന്നതിൽ 26 ഘടകങ്ങളുണ്ട്.ഇതിന്റെ ഗുണനഫലം കാണുക?

7. 6 സിഗററ്റുകൾ ഉണ്ട്.ഇത് ശൂന്യമാക്കണം. സിഗററ്റ് കത്തിച്ച് വലിക്കാനോ നശിപ്പിക്കാനോ പാടില്ല എങ്ങനെ?

8. തുടർച്ചയായ 11 പൂർണ്ണ സംഖ്യകളുടെ തുക 11 കിട്ടുന്നു.എന്നാൽ ' സംഖ്യകൾ ഏവ?

9. ഏറ്റവും കൂടുതൽ നീളമുള്ള റോമൻ ന്യൂമറൽ ഏത്? അത് ഏത് സംഖ്യയെ സൂചിപ്പിക്കുന്നു?

10.83 X 83 X 83…….. എന്നിങ്ങനെ 83 തുടർച്ചയായി 29 പ്രാവശ്യം വരുന്നു. ഉത്തരത്തിന്റെ ഒറ്റയുടെ സ്ഥാനത്തെ അക്കം ഏതായിരിക്കും?

**ഉത്തരങ്ങൾ**

1. പറഞ്ഞിരിക്കുന്നതു പോലെ നോട്ടുകൾ മാറ്റിയെടുക്കുവാൻ കഴിയുകയില്ല.

2. ഒരു ഭാഗത്ത് വരുന്ന സംഖ്യകൾ 4 ,5,6,7,8,9. മറുഭാഗത്ത് വരുന്ന സംഖ്യകൾ 10, 11, 12 ,1, 2, 3.

3.9 തീപ്പെട്ടി കൊള്ളികൾ കൊണ്ട് TEN എന്നെഴുതണം

4. എല്ലാവരകളും വ്യത്യസ്തങ്ങളായ ബിന്ദുക്കളിൽ സംഗമിക്കത്തക്ക രീതിയിൽ 2 വികർണ്ണങ്ങളും ഒരു തിരശ്ചീന രേഖയും ഒരു ലംബരേഖയും വരച്ചാൽ മതി.

5. സിഗററ്റുകൾ ത്രികോണ സ്തൂപികയുടെ ആകൃതിയിൽ വയ്ക്കുക.

6. ഗുണനഫലം പൂജ്യം .കാരണം 24-ാം മത്തെ ഘടകം [x - x ] ആണ്. പൂജ്യം കൊണ്ട് ഗുണിച്ചാൽ ഉത്തരം പൂജ്യം.

7. 6 സിഗററ്റുകൾ കൊണ്ട് NIL എന്നെഴുതണം. അപ്പോൾ ശൂന്യമായില്ലേ.


8. - 4, - 3,- 2, ………….. + 4, + 5, + 6,


9. MDCCCLXXXVIII .ഇതിൽ 13 അക്ഷരങ്ങളുണ്ട് .ഇത് 1888 നെ സൂചിപ്പിക്കുന്നു.


10.3

വിസ്മയ


# ചിത്രരചനകൾ





# SAVE FUEL FOR BETTER ENVIRONMENT

**ലോ**കം മുഴുവൻ ഒരു കുടുംബമായി മാറണമെന്ന ഉദാത്തമായ ദർശനം ആദ്യമായി മുന്നോട്ടുവച്ച രാജ്യം വേദകാല ഭാരതമാണ് "വസുധൈവ കുടുംബക " മെന്നും, " യാത്ര വിശ്വംഭവത്യേകനീഡ " മെന്നുമെല്ലാം നാം പാടി. ലോകം ഒരു പക്ഷി കൂട്ട പോലെയാണെന്നുമെല്ലാമാണ് ഇതിന്റെ അർഥം. വിശാലമായ ഒരു മഹാപ്രപഞ്ചത്തെ പരിഗണിച്ചു കൊണ്ട് നോക്കുമ്പോൾ മനുഷ്യൻ വളരെ നിസ്സാരനാണ് വികസനങ്ങളുടെ രാജ്യത്താണ് നാം ഇന്ന് ജീവിക്കുന്നത്. നന്മയേക്കാൾ കൂടുതൽ തിന്മയാണ് ഇവിടെ നിലനിൽക്കുന്നത് നാം ചെയ്യുന്ന ഏറ്റവും വലിയ നന്മ നമ്മുടെ പ്രകൃതിയായ അമ്മയെ സംരക്ഷിക്കുക എന്നതാണ്. മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാം ഈ പ്രകൃതിയിലുണ്ട്. എന്നാൽ അത്യാർത്തിക്കുള്ളതില്ല, എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് .മനുഷ്യൻ ഈ വാക്യത്തിന്റെ അന്ത:സാരം മറന്നിരിക്കുകയാണ്. വികസനത്തിന്റെ പേരുപറഞ്ഞ് അവർ ഏർപ്പെടുന്ന വിവിധ പ്രവർത്തനങ്ങൾ സമൂലമായ ഒരു നാശത്തിലേക്കാണ് വഴിവയ്ക്കുന്നത്. വനനശീകരണം, ആധുനികവൽക്കരണം ,പ്ലാസ്റ്റിക്കിന്റെ ഉപയോഗം തുടങ്ങിയവയിലൂടെ നാം പ്രകൃതിയെ വളരെയധികം ചൂഷണം ചെയ്യുന്നു. വർദ്ധിച്ചു വരുന്ന ജനപ്പെരുപ്പം നമ്മുടെ ദൈനംദിന ജീവിതത്തേയും സാരമായി ബാധിച്ചരിക്കുന്നു. യാത്രകൾ ഇഷ്ട്ടപ്പെടുന്നവരാണ് നാം ഏറെപ്പേരും.എന്നാൽ അതിനാവശ്യമായ ഇന്ധനത്തെ പറ്റിയോ അതിന്റെ ഉത്ഭവസ്ഥാനത്തെ പറ്റിയോ വർദ്ധിച്ചു വരികയാണ്.അതിൽ നിന്ന് വമിക്കുന്ന പുക അന്തരീക്ഷ മലിനീകരണത്തിനിടയാക്കുന്നു. ഇന്ന് ഒരു വാഹനവുമില്ലാത്ത വീടുകൾ അപൂർവ്വം മാത്രം. വർദ്ധിച്ചു വരുന്ന ഇന്ധന ഉപയോഗം ഭാവിയിൽ അവയുടെ അഭലഭ്യതയിലേക്കാണ് വിരൽച്ചൂണ്ടുന്നത്. ഒരു വ്യക്തിയ്ക്ക് മാത്രം സഞ്ചരിക്കുവാൻ കാർ ഉപയോഗിക്കുന്നവരാണ് ഒരു വിഭാഗം ആളുകൾ.എന്നാൽ അവർ ചിന്തിക്കുന്നില്ല

എത്രത്തോളം ഇന്ധനമാണ് അവർ ഒരാൾക്കായ് ചിലവാക്കുന്നത്.

ഇന്ധനവിലവർദ്ധനയിൽ പ്രതിക്ഷേധിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. പ്രകൃതി നമുക്കായ്കനിഞ്ഞരുളിയവയെല്ലാം നമുക്ക് മാത്രമുള്ളതല്ല, നമ്മുടെ സഹജീവികൾക്കും വരും തലമുറയ്ക്കും അവകാശപ്പെട്ടതാണവ.എന്നാൽ മനുഷ്യന്റെ അത്യാർത്തി ഇന്ധനലഭ്യതയിൽ ഇടിവുണ്ടാക്കുന്നു. വാഹനങ്ങളിൽ നിന്നുള്ള പുക അന്തരീക്ഷ മലിനീകരണത്തിനും ജലമലിനീകരണത്തിനും മാത്രമല്ല ഇടയാക്കുന്നത്. ധാരാളം രോഗങ്ങൾ പടർന്നു പിടിക്കുന്നതിനും വഴിയൊരുക്കുന്നു. കാൻസറും, ആസ്മയും അലർജിയുമെല്ലാം ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. എല്ലാം മുൻകൂട്ടിക്കാണാൻ കഴിയുന്ന മനുഷ്യൻ പലപ്പോഴും


പലകാര്യങ്ങളും അവഗണിക്കുന്നു. സ്വന്തം നാശത്തിനുള്ള വഴി സ്വയം കണ്ടെത്തുകയും ചെയ്യുന്നു.പെട്രോൾ, ഡീസൽ മുതലായ ഇന്ധനങ്ങൾ മാത്രമല്ല നാം ഉപയോക്കുന്ന ഇന്ധനമാണ്. അമിതമായ വിറക് ഉപയോഗം വനനശീകരണത്തിലേക്കും അതുവഴി പ്രകൃതിയുടെ സംതുലനാവസ്ഥയ്ക്കും കേടുപാടുകൾ വരുത്തുന്നു. പാചക വാതക ഉപയോഗത്തിലും നാം ഒട്ടും പിന്നിലല്ല. ഇന്ധനവിലയുടെ കുതിപ്പ് റോക്കറ്റിനേക്കാൾ വേഗതയേറിയതാണ്പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടു തന്നെ പല ഇന്ധനങ്ങളും നമുക്കൽപാദിപ്പിക്കാവുന്നതാണ്. പ്രകൃതിവാതകം അതിന് ഒരു ഉത്തമഉദാഹരണമാണ്. ചാണകം, ഭക്ഷണാവശിഷ്ടം, മണ്ണിര മുതലായവ ഉപയോഗിച്ച് നിർമിക്കുന്ന പ്രക്യതിവാതകം തികച്ചു പരിസ്ഥിതി സൗഹാർദപരമാണ്.ഇതുപയോഗിച്ച് നമുക്ക് നമ്മുടെ ആഹാരമെങ്കിലും പാകം ചെയ്തു കഴിക്കാം. ഇന്ധനങ്ങളുടെ സംരക്ഷണവും സൂക്ഷിച്ചുള്ള ഉപയോഗവും നമുക്ക് പ്രകൃതിസംരക്ഷണം മാത്രമല്ല പണ/ധനസംരക്ഷണവും ഉറപ്പാക്കുന്നു. ഓസോൺ പാളിക്കേൽക്കുന്ന ഓരോ വിള്ളലും മാനവ സമൂഹത്തിന്റെ അന്ത്യത്തിലേക്കുള്ള നാഴികക്കല്ലുകളാണ്.നമ്മുടെ രാജ്യത്ത് തന്നെ ഉൽപാദിപ്പിച്ചെടുക്കുന്ന ഇന്ധനത്തിന്റെ അളവ് വളരെകുറവാണ്. ബഹു ഭൂരിപക്ഷവും വിദേശ രാജ്യങ്ങളിലെ വനികളിൽ നിന്നെത്തുന്നവയാണ്. അതിനായ് അവർ പറയുന്ന വില നാം നൽകേണി വരുന്നു.എന്തിനും ഏതിനും ഇ.എസ്.ടി ഏർപ്പെടുത്തിയ ഗവൺമെന്റിന് ഇന്ധന വിലയെ അതിന്റെ പരിധിക്കുള്ളിൽ കൊണ്ട് വരാൻ സാധിച്ചിട്ടില്ല. ഒരു തലമുറ നമുക്കായ് കരുതി വച്ച സൗഭാഗ്യം പ്രൗഢി മായതെ വരും തലമുറയ്ക്ക് കൈമാറാൻ നാം

ഓരോരുത്തരും ബാധ്യസ്ഥരാണ്.ഇന്ധന ഉപയോഗത്തിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ അവയുടെ ഖനനത്തിനേയും വ്യാപാരത്തേയും ഉപയോഗത്തേയും ബാധിക്കുകയും അവയുടെ അടിസ്ഥാന മൂല്യത്തെ പറ്റി ജനങ്ങളിൽ അവബോധം ഉണർത്തുകയും ചെയ്യുന്നു.ഇത് ഇന്ധനങ്ങളെ പ്രകൃതി സൗഹാർദപരമായി കൈകാര്യം വെച്ചാൻ ഓരോ പൗരന്നേയും ഓർമപ്പെടുത്തുന്നു.




നയന പി ബി

# തോരാമഴ




അന്ന് വിദ്യാലയത്തിൽ നിന്നിറങ്ങുമ്പോൾ
എന്റെ കവിളിലൊരു മുത്തം നൽകി
കുളിർ കാറ്റുമായ് അവൾ വന്നു
നിർത്താതെ പെയ്തു അവൾ ശബ്ദമുഖരിതമായി അന്തരംഗം
ഭൂമിയുടെ കരച്ചിൽ എൻ ഗ്രാമത്തിൽ മുഴങ്ങികൊണ്ടിരുന്നു
പേമാരിയായി നീ വന്നപ്പോൾ സന്തോഷമായെങ്കിലും
പ്രളയമായി നീ പോയപ്പോൾ ദു:ഖമുണ്ടാക്കിയെന്ന് നീ ഓർക്കണം
ഡാമുകളും തുറന്നു പുഴകളും കവിഞ്ഞൊഴുകി... നിൻ കണ്ണീരാൽ നീ വന്നപ്പോൾ
ഒരു വെയിൽ കാണാൻ കൊതിച്ചെങ്കിലും
നീ പോയപ്പോൾവേനലാൽ ഞങ്ങൾ വെന്തുമരിക്കുന്നു
സ്കൂളില്ലാ എന്ന് സന്തോഷിച്ചെങ്കിലും കറണ്ടില്ലാതെ ദുഃഖിച്ചു
ഇതല്ല നമ്മുടെ കേരളം
ഇനിയെങ്കിലും കേൾക്കൂ കേരളമേ..
പുഴയും പ്രകൃതിയും നമ്മുടെ
അമ്മയാണ്............

അഞ്ജലി ശങ്കർ 7 B

## സ്നേഹബന്ധങ്ങൾക്ക് വില നൽകാനാവില്ല...!

"**മാ**വേലി നാടു വാണീടും കാലം മാനുഷരെല്ലാരുമൊന്നു പോലെ..."

ഏതോ പഴംപാട്ടിലെ വരികളാണ് ഇവ. ഇന്നത്തെ കാലത്ത് ഈ വരികളിൽ ഒരു യുക്തിയുമില്ലെന്ന് തോന്നാം . കാരണം നാം വളർന്നത് അങ്ങനെ ഒരു സാഹചര്യത്തിലാണ് . ആരാണ് വലിയവൻ എന്ന മത്സരമാണ് മനുഷ്യർ ക്കിടയിൽ നടക്കുന്നത്. "ഒന്നായ് നിൽക്കാം ഒന്നിച്ച് പ്രവർത്തിക്കാം......" എന്നൊക്കെ പരസ്യവാചകങ്ങളിൽ പറയുമെങ്കിലും ഇതൊന്നും യാഥാർത്ഥ്യം ആകുന്നില്ല എന്നതാണ് സത്യം . മാനുഷിക മൂല്യങ്ങൾക്ക് ഒട്ടും വില കൽപ്പിക്കാത്ത ഈ കാലത്ത് മനുഷ്യബന്ധങ്ങൾ ദൃഢമാകാതെ വേറെ വഴിയില്ല.

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ് . ഒരു മരത്തിന് ഭൂമിയിൽ ഉറച്ച് നിൽക്കണമെങ്കിൽ ആഴത്തിലുള്ള വേരുകൾ ഉണ്ടാകണം . അതുപോലെ മനുഷ്യന് അഭിമാനത്തോടെ ഭൂമിയിൽ തലയുയർത്തി നിൽക്കണമെങ്കിൽ അവന് ദൃഢമായ സുഹൃത്ത്ബന്ധങ്ങളും സ്നേഹബന്ധങ്ങളും ഉണ്ടായേ തീരൂ. ഇവ ഉണ്ടായാൽ മാത്രം പോരാ ബന്ധങ്ങൾ നന്മയ്ക്കു വേണ്ടി ഉപയോഗി ക്കുകയും വേണം . മാനുഷിക ബന്ധങ്ങൾ രൂപപ്പെടുത്താൻ എളുപ്പമാണ് . പക്ഷെ അവ നിലനിർത്തുക എന്നത് പ്രയാസകരമാണ്.

നമ്മുടെ സൗഹൃദവലയത്തിൽ നാലു പേരുണ്ടെങ്കിൽ അവർ നാലുതരം സ്വഭാവക്കാരാകും . ഇവരെല്ലാം ഒരുമിച്ച് മുന്നോട്ട് കൊണ്ട് പോവുക എന്ന് പറയുന്നത് തന്നെ ശ്രമകരമാണ് . അപ്പോൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ...... ഒരു സ്ത്രീയുടെ പേരിലോ പണത്തി ന്റെ പേരിലോ സ്വന്തം

ആത്മസുഹൃത്തിനെകൊല്ലാൻ പോലും ഇന്നത്തെ മനുഷ്യർ തയ്യാറാകുന്നു . എന്തിന് ? സ്വന്തം മാതാപിതാക്കളേയും കൂടപ്പിറപ്പു കളേയും പോലും ഉപദ്രവിക്കുന്നു.ഇത്തരത്തിലുള്ള സാമൂഹിക അനാചാരങ്ങൾക്ക് മാറ്റം വരണമെങ്കിൽ സമൂഹത്തിന്റെ ചിന്താഗതി മാറണം . പണത്തിനു മീതെ പരുന്തും പറക്കില്ല എന്ന ചിന്ത മാറി സൗഹൃദങ്ങൾക്കും മനുഷ്യബന്ധങ്ങൾക്കും മീതെ ഒന്നുമില്ല എന്ന ചിന്ത ഉണ്ടാകണം . കൂട്ടായ പ്രവർത്തനം കൊണ്ടേ ഇത് സാധ്യമാകൂ... നല്ല കാര്യങ്ങൾ സംഭവിക്കട്ടെ എന്ന് പ്രത്യാശിക്കാം....

ഉപന്യാസം:
വിഷ്ണുദേവ് കെ എസ്



**ചങ്ങാത്തം**

**ഒ**രു നാട്ടിൽ അഞ്ചലി, സ്നേഹ, മിത്ര എന്ന മൂന്നു കൂട്ടുകാരികൾ ഉണ്ടായിരുന്നു . അവരെപ്പോഴും സൗഹൃദം പുലർത്തിയിരുന്നവരാണ്. അവർ ഒരു സ്കൂളിലാണ് പഠിക്കുന്നത്.അവർ മരങ്ങളെ സ്നേഹിക്കു ന്നവർ ആയിരുന്നു. ചെറുപ്പത്തിലേ മിത്ര ഒരു മരം നട്ടു പിടിപ്പിച്ചിരുന്നു. അഞ്ചലിയും സ്നേഹയും അതിനടുത്തുതന്നെ വേറെ രണ്ടു മരം വച്ചു. എന്നും അവർ അതിന് വെള്ളം ഒഴിക്കാറുണ്ടായിരുന്നു . അവരുടെ ജീവൻ തന്നെയായി അവർ ആ മരങ്ങളെ  കണ്ടു . പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ ഇവർ വെവ്വേറെ സ്കൂളുകളിലേക്കു പോയി . മിത്രയ്ക്ക് മാർക്ക് കുറഞ്ഞതിനാൽ കേരളത്തിലെ വിദ്യാലയങ്ങളിലൊന്നും അവൾക്ക് പ്രവേശനം കിട്ടിയില്ല. അഞ്ചലിയും സ്നേഹയും അടുത്ത ടുത്ത സ്കൂളുകളിൽ പഠിച്ചു എങ്കിലും മിത്ര ഇല്ലാത്തതിനാൽ അവർ വളരെ ദുഃഖിതരായിരുന്നു. മിത്ര ചൈനയിൽ പോയപ്പോൾ ഫോണിലൂടെയാണ് അവർ പരസ്പരം അറിഞ്ഞിരുന്നത്. എന്നാൽ മിത്രയുടെ കൂട്ടും പെരുമാറ്റവും വളരെ മാറിയിരുന്നു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവൾ അവരെ തള്ളി അകറ്റാൻ തുടങ്ങി . ഫോൺവിളികൾ അവസാനിപ്പിച്ചു . പക്ഷെ അഞ്ചലിയും സ്നേഹയും അവൾക്കുവേണ്ടി കാത്തിരുന്നു. പിന്നെ മിത്രയെ അവളുടെ മരത്തിലൂടെ ഓർമ്മിക്കാൻ തുടങ്ങി . മരം വളർന്നു പന്തലിക്കും തോറും അവളുടെ ഭാവി സുരക്ഷിതമാണെന്ന് അവർ കരുതി . പക്ഷെ കാലം കഴിയും തോറും മരം വല്ലാതെ ക്ഷീണിക്കാൻ തുടങ്ങി . അവളുടെ സ്ഥിതി വളരെ മോശമാണെന്ന് അവർ കരുതി . അവളെ അന്വേഷിച്ച് ചൈനയിലേക്ക് പോയി. അവർ അവിടെ എത്തിയ ദിവസം ഒരു പ്രത്യേക ദിവസമായിരുന്നു. അവർ അവളെ കണ്ടിരുന്നില്ലെങ്കിലും അവൾ അവരെ കണ്ടിരുന്നു. അവൾ ഓടി വരാൻ ആഗ്രഹിച്ചെങ്കിലും അവൾക്ക് നാണക്കേട് തോന്നി. ഇത്ര നാൾ അവരെ കുറിച്ചന്വേഷിക്കാത്ത അവൾക്ക് വല്ലാത്ത ദേഷ്യവും സങ്കടവും തോന്നി. പക്ഷെ അപ്പോഴേക്കും അവർ അവളെ കണ്ടിരുന്നു. അവൾക്ക് സംഭവിച്ച തെറ്റുകളെല്ലാം തിരുത്തി അവർ നാട്ടിലേക്ക് തിരിച്ചു വന്നു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ മരം വളർന്ന് പന്തലിക്കാൻ തുടങ്ങി. അതോടൊപ്പം അവരുടെ ബന്ധവും......

**സ്നേഹവും സുഹൃത്ത്ബന്ധവും ഒരിക്കലും കൈവിടരുത് !**

കഥ: ഫാത്തിമ കെ എസ്

## സുവർണ്ണ നിമിഷങ്ങൾ

പ്രവേശനോത്സവം



പ്രവേശനോത്സവം



പ്രവേശനോത്സവം




### പരിസ്ഥിതി ദിനം







### വായനാദിനം










ലഹരിവിരുദ്ധ ക്ലാസ്സ്











## പ്രവർത്തി പരിചയ മേള







കായിക മേള





ക്രിസ്തുമസ് , ഈദ് ഉൽ ഫിത്തർ ആഘോഷങ്ങൾ









കാർഷിക ക്ലബ്










മലയാള തിളക്കം








## വിനോദയാത്ര








21




## ഗണിത ക്വിസ്

1. ഗണിത ശാസ്ത്രജ്ഞന്മാരുടെ ഗണിത ശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്നത്?

2. ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞൻ?

3. ഭാരത്തിന്റെ യൂക്ലിഡ് എന്നറിയപ്പെടുന്നത്?

4. ഗണിത ശാസ്ത്ര ഗവേഷണത്തിനിടയിൽ തല നഷ്ടപ്പെട്ട ഗണിത ശാസ്ത്രജ്ഞൻ?

5. ഭാരത്തിൽ ആദ്യമായി നെഗറ്റീവ് സംഖ്യകൾ കൈകാര്യം ചെയ്ത ഗണിത ശാസ്ത്രജ്ഞൻ?

6. സിംഫർ എന്നാൽ അർത്ഥമാക്കുന്നത് എന്ത്?

7. അശോക ചക്രത്തിലെ അരക്കാലുകളുടെ എണ്ണം?

8. ഒരു നിശ്ചിത പരിധി തൊണ് പരമാവധി കൂടിയ പരപ്പളവ് കിട്ടുന്ന ദ്വിമാന രൂപമേത് ?

9. രണ്ടക്ക മുള്ള എണ്ണ സംഖ്യകളുടെ എണ്ണം?

10. 90 യിൽ കൂടുതലും 180 കുറവും അളവുള്ള കോണിന് പറയുന്നത്?

**ഉത്തരങ്ങൾ**

1. ആർതർ കെയ്ലി

2. യൂക്ലിഡ്

3.ഭാസ്കരാചാര്യർ

4.ആർക്കിമിഡീസ്

5. ബ്രഹ്മഗുപ്തൻ

6. പൂജ്യം

7. ഇരുപത്തിനാല്

8. വൃത്തം

9.90

10. ബൃഹത് കോൺ

22

## മഴത്തുള്ളികളുടെ സംഗീതം

**ആ**രാമത്തിൽ നിന്നു കൊണ്ട് ശിഷ്യൻ ആകാശത്തേയ്ക്ക് നോക്കി. മഴമേഘങ്ങൾ ഒരുമിച്ചുകൂടിയിരിക്കുന്നു. അവരുടെ യോഗം അല്പനേരത്തേയ്ക്ക് സൂര്യകിരണങ്ങളെ മറച്ചു. ഭൂമിയുടെ മുഖം ഇരുണ്ടു. മഴ മേഘങ്ങൾ മഴത്തുള്ളികളായി ഭൂമിയിലേയ്ക്ക് യാത്രയായി. ഓരോഗണമായി ഓരോ

സ്ഥലത്തേയ്ക്കും അവർ താഴ്ന്നിറങ്ങി ഓരോ മഴത്തുള്ളിക്കും ഓരോ ദൗത്യവും കിട്ടി. വരണ്ട നിലത്തിന് നനവാകുവാൻ... വറ്റിയ കിണറുകളിൽ ദാഹശമനി നിറയ്ക്കാൻ .... മരിച്ച ഭൂമിക്ക് പുനർജീവിതം നൽകാൻ." ലക്ഷ്യസ്ഥാനത്തേക്കിനിയും യാത്രാഭ്രമമേറെയുണ്ട്. ഞങ്ങൾക്കാർക്കും തനിയെ ലക്ഷ്യസ്ഥാനത്തെത്തുവാൻ സാധിക്കുകയില്ല. അതിനാൽ ഞങ്ങൾ ഒരുമിച്ചുകൂടുകയാണീയാത്രയിൽ .... ഒഴുകി വന്ന ജലത്തുള്ളികൾ പറഞ്ഞു. ജലത്തുള്ളികൾ ദൗത്യ സാക്ഷാത്ക്കാരത്തിന്റെ സംതൃപ്തിയുമായി ഒരുമിച്ചുകൂടിക്കൊണ്ടിരുന്നു. പൊട്ടക്കിണറ്റിൽ പോലും വെള്ളമെത്തിയപ്പോൾ ആവശ്യക്കാർ ആടുത്തെത്തി. അവിടെയുണ്ടായിരുന്ന വെള്ളത്തിനും സംതൃപ്തി. മരുഭൂമിയിൽ പൂന്തോട്ടം സൃഷ്ടിക്കപ്പെട്ടപ്പോൾ അവിടേക്ക് യാത്രതിരിച്ച ജലത്തുള്ളികൾക്കും സംതൃപ്തി. "നമ്മുടെ ശ്വാസം കൊണ്ട് തോട്ടം പൂവണിയുന്നു " മഴത്തുള്ളികളഭിമാനിച്ചു.

കൃഷിയിടങ്ങളെയും പാതയോരങ്ങളെയും വൃത്തിയാക്കിക്കൊണ്ട് ഒരു ഗണം ജലത്തുള്ളികളെത്തി. താഴ്ന്നിടത്തേയ്ക്കായിരുന്നു അവരുടെ യാത്ര. ഓരോ സ്ഥലങ്ങളിലെയും ശുശ്രൂഷകളുടെ അനുഭവവും പേറി ജലത്തുള്ളികൾ ഒരുമിച്ചു നീങ്ങി.ഒരുമയിലവരുടെ ശക്തിയേറി. പലരും തടയാൻ ശ്രമിച്ചെങ്കിലും തടസ്സങ്ങളിലും ലക്ഷ്യം മറക്കാതെ പുഴയായവർ വളർന്നു.... ആ പുഴ വീണ്ടും അതിര് താങ്ങാനാവാതെ സാഗരമായി.

"ഇവിടെ ഞങ്ങളുടെ എല്ലാ സാധ്യതകളും പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു, ഇനി നീരാവിയായി ഒരു ഉയർത്തപ്പെടൽ ഉന്നതത്തിലേക്ക്, വീണ്ടും ഇവിടേക്ക് ..... അങ്ങനെ ഭൂമിയെ തണുപ്പിക്കുന്ന ധർമ്മം നിറവേറ്റി ഞങ്ങൾ സംതൃപ്തിയടയുന്നു. താഴ്ചയിലേക്ക് ഒഴുക്കപ്പെടും ഉയരങ്ങളിലേക്ക് ഉയർത്തപ്പെടും....."
"താഴ്ചയിലേക്ക് ഒരുമയിൽ ഒഴുക്കപ്പെട്ടു, ഉയരങ്ങളിലേക്ക് ഉയർത്തപ്പെടും" മഴത്തുള്ളികൾ മന്ദസ്മിതം തൂകിക്കൊണ്ടാഹ്വാനം ചെയ്തു.
ശിഷ്യന് ആഹ്വാനം അർത്ഥപൂർണ്ണമായി തോന്നി.
(കടപ്പാട്: മിഖാസിന്റെ കാഴ്ചക്കപ്പുറം കഥാസമാഹാരത്തിനോട്)

കഥ: ഷഹല കെ.എം. IXB

23

## വേർപാട്

**അ**മ്മ തൻ മടിത്തട്ടിൽ നിന്നറങ്ങി ഞാൻ

വിദ്യയാം വിശുദ്ധി നേടുവാൻ,
വിരിയാൻ വെമ്പുന്ന താമരമൊട്ടായ്

എൻ മനം വിദ്യയ്ക്കായ് ആർത്തിരമ്പി.

അടിപതറാതെ കയറി

ഉജ്ജ്വല വിജയത്തിൽ ഞാൻ

വിടർന്നൊരു താമര പൂവായ്.

ആടിയുലഞ്ഞു കളിച്ചിടുമ്പോൾ

കണ്ട ഞാൻ കനക കിനാവിന്റെ തോണി,
ആ നല്ല കാഞ്ചന തോണി
കൊഴിയുന്ന മയിൽ പീലിപോൽ
പുസ്തക താളുകൾ തീർന്നപ്പോൾ

അറിയാതെ തേങ്ങി എൻ മനം.

അകലുന്ന നൗകയെ നോക്കി

അഴകാർന്ന ചെന്താമരയായ് ഞാൻ

ഒരു വേർപാടിൽ വേദനയോടെ

അമ്മതൻ തോളിൽ ചാഞ്ഞു ഞാൻ

ജീവിതനൗകയെ നോക്കി.

ആൽബർട്ട് ആന്റോ
9 B

# ജലച്ഛായം











## അറിവിൻ വെളിച്ചം

**വാ**യന എന്നത് ഏറ്റവും ചിലവു കുറഞ്ഞതും നിത്യ ഫലം തരുന്നതുമായ വിജ്ഞാന-വിനോദോപാധിയാണ് എന്ന ഒരു മഹത്ത്വ വചനമുണ്ട്. "വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണി മാഷിന്റെ വരികൾ പോലെ വായന എന്നത് അറിവിന്റെ വെളിച്ചമാണ്. വായന എന്നത് ഒരു നല്ല ശീലമാണ്. വായനയിലൂടെ അറിവിന്റെ പുസ്തകത്താളുകൾ നമുക്ക് തുറക്കാം. വായിക്കാനായി അനേകം സ്ഥാപനങ്ങളും സാമൂഹ്യ മാധ്യമങ്ങളും ഇന്നും നമുക്ക് ലഭിക്കുന്നു.

'വായനശാല' എന്ന് ഇന്ന് കേട്ടാൽ വെറും ഒരു മുറി എന്ന് മാത്രമായി കഴിഞ്ഞിരിക്കുന്നു. പണ്ട് വായനശാലയിൽ നിന്ന് അനേകം പുസ്തകങ്ങൾ എടുത്ത് വായിക്കുന്ന കുട്ടികളും മുതിർന്നവരും ഉണ്ടായിരിന്നു.ഇന്ന് അതിന്റെ എണ്ണം കുറയുന്നു എന്നല്ലാതെ കൂടുന്നില്ല. ഗ്രാമത്തിൽ മാത്രമല്ല നഗരത്തിലും ഇപ്പോൾ വായനശാലകൾ ഉണ്ട്.പക്ഷേ ഒരു കാര്യം, ഇന്റർനെറ്റിലൂടെ വായിക്കുന്നവരും ഉണ്ട്. പുസ്തകങ്ങൾ, ദിനപത്രം തുടങ്ങിയവ വായിച്ചാൽ നമ്മിൽ പുതിയ പുതിയ അറിവുകൾ മാത്രമല്ല ഉണ്ടാക്കുന്നത്, സമൂഹത്തിൽ എങ്ങനെ പെരുമാറാം, ഒരു നല്ല വ്യക്തി എങ്ങനെ ഉണ്ടാകുന്നു എന്നിങ്ങനെ അനേകം കാര്യങ്ങൾ വായനയിലൂടെ നമുക്ക് വാർത്തെടുക്കാം.

വായനയ്ക്ക് നമ്മെ സഹായിരുന്ന വായനശാലകളെ നമുക്ക് പ്രോത്സാഹിപ്പിക്കാം.ദിനപത്രവും മാധ്യമ പ്രസിദ്ധികളും നമ്മുടെ വായന ശീലത്തെ വളർത്തുന്ന ഒരു ഘടകമാണ്. ദിനപത്രം നമ്മുടെ സമൂഹത്തിൽ സംഭവിക്കുന്ന ഓരോ സംഭവവും ആവിഷ്കരിക്കണം അത് നമ്മൾ. വായിക്കുന്നതിലൂടെ സമൂഹത്തിലെ കരടുകൾ എങ്ങനെ നീക്കം ചെയ്യാൻ നമുക്ക് എങ്ങനെ സാധിക്കും. വളർന്ന് വരുന്ന പുതിയ തലമുറയായ ഞങ്ങൾക്ക് അതിനെ നേരിട്ട് നല്ലൊരു സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുന്ന മാധ്യമപ്രസിന്ധികളിൽ അശ്ലീലമായ കാര്യങ്ങളും ഉണ്ട്. എല്ലാം നല്ലതല്ല. നല്ലത് തിരഞ്ഞെടുക്കുവാനും നല്ലതല്ലാത്തത് കളയാനും നമുക്ക് വായനയിലൂടെ സാധിക്കുന്നു. ഇന്റർനെറ്റിൽ മാത്രം ആകരുത് നമ്മുടെ ചിന്തകൾ - ഇടയക്ക് പുസ്തകങ്ങൾ എടുക്കാനും അത് വായിക്കാനും നമുക്ക് കഴിയണം. അടുത്ത തലമുറയ്ക്ക് വായന പാഠങ്ങൾ പറഞ്ഞു കൊടുക്കാം. മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന എഴുത്തച്ഛനെ പോലുള്ള അനേകം പേരുടെ പുസ്തകങ്ങളിലൂടെ പുതിയ തലമുറയെ അറിവിനെ വെളിച്ചത്തിലേക്ക് നയിക്കാം. വായനയിലൂടെ പുതിയ തലമുറയെ വാർത്തെടുക്കാം വായിക്കാം വളരാം....

അലീന പോൾ

## ജൂനിയർ റെഡ് ക്രോസ്





## സ്കൗട്ട ആന്റ് ഗൈഡ്സ്







## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്




## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്





## കരാട്ടെ



## യാത്രാമൊഴി

**വ**ഴിയരികിലെ
കൊന്നപ്പൂക്കൾക്ക്
മഞ്ഞിന്റെ ആർദ്രത
ഓരോ നിറഞ്ഞ പൂങ്കുലകളും
ഓരോ ഇതൾ പൂവും
എന്റെ സായാഹ്നങ്ങൾ
വിഷാദമാക്കി,
നിറഞ്ഞ വേദനയാക്കി
ഈ പ്രണയം എന്റേതല്ല.
എണ്ണ വീണ തുടുത്ത
കവിളിൽ നൽകിയ
ചുംബനവും
എന്റേതല്ല....
ഈ ചിരി എന്റേതല്ല......
കരച്ചിൽ തേങ്ങുന്നത്
മറ്റാരുടെയോ ആണ്....
നിന്നോട് ഞാൻ
എങ്ങനെയാത്ര പറയും?
നിന്റെ കണ്ണുകളോട്
ഞാൻ എങ്ങിനെ
കണ്ണടയ്ക്കും.....
ഞാനിതാ... ഒരിക്കൽ കൂടി
യാത്ര പറയാനാവാതെ
തോൽപ്പിക്കപ്പെട്ടിരിക്കുന്നു .

മിഷ്ഹാൽ

# ലിറ്റിൽ കൈറ്റ് ക്ലബ് അംഗംങ്ങൾ 2018-2019



***ഈ മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് കൈറ്റ് മാസ്റ്റർ ജോഫി മാസ്റ്റർക്കും, കൈറ്റ് മിസ്ട്രസ്സ് റോസ്മേരി ടീച്ചർക്കും എല്ലാ ലിറ്റിൽ കൈറ്റ് അംഗംങ്ങൾക്കും*** ***നന്ദി ......***


Thanks!